WRITTEN ANSWERS

ആഭ്യന്തരവകുപ്പുമന്ത്രിയുടെ ആഗ്രാസന്ദർശനം

* 303. [16] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഭ്യന്തരവകുപ്പുമന്ത്രി ഈയിടെ ആഗ്രാ സന്ദർശിക്കുകയുണ്ടായോ ;

(ബി) എങ്കിൽ ഔദ്യോഗിക കാര്യങ്ങൾക്കായിട്ടുണ്ടോ അവിടെ പോയതു്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ആഭ്യന്തരവകുപ്പുമന്ത്രി ഈയിടെ ആഗ്രാ സന്ദർശിക്കുകയുണ്ടായി.

(ബി) അതു് തികച്ചും സ്വകാര്യ സന്ദർശനമായിരുന്നു.

ശുദ്ധജലവിതരണം

* 304. [17] ശ്രീ. കെ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സിറ്റിയിൽ പല പ്രദേശങ്ങളിലും പതിവായി ശുദ്ധജലം ലഭിക്കുന്നില്ലെന്നകാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു പരിഹരിക്കാൻ ആവശ്യമായ എന്തു നടപടികളും ഗവണ്മെൻറു സ്വീകരിച്ചിട്ടുണ്ടു്;

(സി) അതിൻപ്രകാരമുള്ള പദ്ധതികളും പൂർത്തിയായി എന്നു മുതൽ ആവശ്യത്തിനുള്ള ശുദ്ധജല വിതരണം ചെയ്യാൻ ഗവണ്മെൻറിനു കഴിയും?

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) ഉണ്ടു്.

(ബി) തിരുവനന്തപുരം ശുദ്ധജല വിതരണ പദ്ധതി വിപുലീകരിക്കുന്നതിനു 332 ലക്ഷം രൂപയുടെ ഒരു ദീർഘകാല പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടു്. കൂടാതെ താൽകാലികനടപടി എന്ന നിലയിൽ ഒരു ഇടക്കാല ശുദ്ധജലവിപുലീകരണപദ്ധതിയുടെ പണികളും തീർന്നു വരുന്നു.

(സി) ഇടക്കാല വിപുലീകരണ പദ്ധതി കാലതാമസം കൂടാതെ പ്രവർത്തനമാരംഭിക്കും. ദീർഘകാല പദ്ധതി എന്നു നടപ്പിൽ വരുത്താൻ കഴിയുമെന്നു ഇപ്പോഴും പറയുക സാദ്ധ്യമല്ല.

പുതിയ റെയിൽവേ ലൈനുകൾ

* 305. [18] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1964–65 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിനു് പുതിയതായി ഏതെല്ലാം റെയിൽവേ ലൈനുകൾ ആവശ്യപ്പെട്ടിട്ടുണ്ടു് ;

(ബി) അതിൽ ഏതെല്ലാം ലഭ്യമാകും ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ):

(എ, ബി) മൂന്നാം പദ്ധതിക്കാലത്തു് സംസ്ഥാനത്തു് എട്ടു പുതിയ ലൈനുകളും പണിയുന്നതിനു് കേന്ദ്രത്തോടു് ആവശ്യപ്പെട്ടിരുന്നു. പക്ഷേ പുതിയ ലൈനുകളും പണിയുന്നതിനു് നീക്കിവച്ചിട്ടുള്ള തുക വളരെ പരിമിതമായതുകൊണ്ടു് സംസ്ഥാന ഗവണ്മെൻറു് ആവശ്യപ്പെട്ടിട്ടുള്ള റെയിൽവേപ്പാതകളും ഒന്നും തന്നെ പണിയുവാൻ നിവൃത്തിയില്ലെന്നു് കേന്ദ്രഗവണ്മെൻറു് അറിയിച്ചിട്ടുണ്ടു്.

കശുമാവിൻ തോട്ടങ്ങൾ

* 306. [20] ശ്രീ. പി. എസ്. കാത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് ഗവണ്മെൻറു് വകയായി എത്ര ഏക്കർ കശുമാവിൻ തോട്ടങ്ങളുണ്ടു് ;

(ബി) 1963 ഏപ്രിൽ 1—ാം തീയതി മുതൽ ഡിസംബർ 31—ാം തീയതിവരെ എത്ര ഏക്കർ സ്ഥലത്തു് പുതിയതായി കശുമാവു കൃഷി നടത്തിയിട്ടുണ്ടു് ;

(സി) ഗവണ്മെൻറുവകയായുള്ള കശുമാവിൻ തോട്ടങ്ങളിൽ നിന്നും 1962—63 സാമ്പത്തികവർഷത്തിൽ എന്തു വരവുലഭിച്ചു ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്):

(എ) വനം ഡിപ്പാർട്ടുമെൻറുവക 11061·90 ഏക്കറും, കൃഷിഡിപ്പാർട്ടുമെൻറുവക 2340·50 ഏക്കറും കശുമാവിൻ തോട്ടങ്ങളും ഗവണ്മെൻറുടമയിലുണ്ടു്. കൂടുതൽ വിവരങ്ങളും അടങ്ങിയ ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

(ബി) കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും 2126·50 ഏക്കർ സ്ഥലത്തു് പുതിയതായി കശുമാവുകൃഷി നടത്തിയിട്ടുണ്ടു്. വനം വകുപ്പിൽ നിന്നും ഇല്ല.

(സി) വനം ഡിപ്പാർട്ടുമെൻറുവക തോട്ടങ്ങളിൽനിന്നും 24588·47 രൂപ വരവുലഭിച്ചു. കൃഷിഡിപ്പാർട്ടുമെൻറുവക കശുമാവിൻ തോട്ടങ്ങളിൽ നിന്നും വരവില്ല. തോട്ടങ്ങളിലെ മേയാനുള്ള പുല്ലു് വിറ്റ വകയിൽ 185 രൂപ 70 നയാപൈസ വരവു ലഭിച്ചിട്ടുണ്ടു്.

റൂറൽ വാട്ടർസപ്ലൈ സ്കീം

* 307. [21] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൂറൽ വാട്ടർ സപ്ലൈസ്കീം അനുസരിച്ചു് എത്ര പദ്ധതികളാണു് ഈ സാമ്പത്തിക വർഷം ആരംഭിച്ചു ;

(ബി) ആലപ്പുഴ ഡി. സി. സി. അംഗീകരിച്ച മല്ലപ്പള്ളി എഴുമറ്റൂർ റൂറൽ വാട്ടർസപ്ലൈസ്കീമിൻെറ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞിട്ടു് എത്ര നാളായി;

(സി) അതിൻെറ എസ്റ്റിമേറ്റുകളും തയ്യാറായിക്കഴിഞ്ഞോ ;

(ഡി) ഈ പദ്ധതികളും രണ്ടും ഉടനടി ആരംഭിക്കാൻ നിർദ്ദേശം നൽകുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) 8 (എട്ടു്)

† Appendix V

LIBRARY ARCHIVES Kerala Legislative Assembly